**പതിനാലാം കേരള നിയമസഭ**

**പതിനഞ്ചാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2816      17/06//2019-ൽ മറുപടിയ്ക്ക്

**<u>നവജീവൻ പദ്ധതി</u>**

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.പി.ടി. തോമസ്: | | ശ്രീ. ടി.പി. രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും<br>വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ എംപ്ലോയ്മെന്റ് എക്സ്ചെയിഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്ത് തൊഴിൽ ലഭിക്കാത്ത 50-65 പ്രായപരിധിയിലുള്ള മുതിർന്ന പൗരന്മാർക്ക് ജീവനോപാധി പ്രദാനം ചെയ്യുന്ന നവജീവൻ പദ്ധതി തൊഴിൽ വകുപ്പ് ആരംഭിച്ചിട്ടുണ്ടോ ;<br><br>(ബി) പ്രസ്തുത പദ്ധതിയുടെ മാർഗ്ഗരേഖകൾ എന്തൊക്കെയാണെന്നും ഇതിലൂടെ ലക്ഷ്യമിടുന്നത് എന്താണെന്നും വിശദമാക്കാമോ ;<br><br>(സി) പ്രസ്തുത പദ്ധതി പ്രകാരം ഇതിനകം എത്ര പേർക്ക് ജീവനോപാധി പ്രദാനം ചെയ്തുവെന്ന് അറിയിക്കുമോ ; | (എ) യും (ബി) യും (സി) യും | കേരളത്തിലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തിട്ടും തൊഴിൽ ലഭിക്കാത്ത 50-65 പ്രായപരിധിയിലുള്ള മുതിർന്ന പൗരന്മാർക്കായി "നവജീവൻ" എന്ന പേരിൽ സ്വയംതൊഴിൽ പദ്ധതി നടപ്പിലാക്കുന്നതിന് സ.ഉ (കൈ)നം: 16/2017/തൊഴിൽ തീയതി 20/3/2017 പ്രകാരം തത്വത്തിൽ അംഗീകാരം നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.<br>50-65 പ്രായ പരിധിയിലുള്ള പൗരന്മാർക്ക് അവർക്ക് അനുയോജ്യമായ സംരംഭങ്ങൾ ആരംഭിക്കുന്നതിന് ലളിതമായ വ്യവസ്ഥകളോടെ പലിശരഹിത വായ്പ അനുവദിക്കുക, മുതിർന്ന പൗരന്മാർ ആർജ്ജിച്ചിട്ടുള്ള അറിവും പരിചയ സമ്പത്തും സമൂഹ നന്മയ്ക്കായി ഉപയോഗപ്പെടുത്തുന്നതിന് അവരുടെ ഒരു ഡേറ്റാ ബാങ്ക് തയ്യാറാക്കുക എന്നിവയാണ് പദ്ധതിയിൽ വിഭാവനം ചെയ്തിട്ടുള്ളത്. പദ്ധതി ഇതുവരെ ആരംഭിച്ചിട്ടില്ല. |
| (ഡി) വിവിധ മേഖലകളിൽ പരിചയവും വൈദഗ്ദ്യവും ആർജ്ജിച്ച മുതിർന്ന പൗരന്മാരുടെ ഡേറ്റാ ബാങ്ക് തയ്യാറാക്കുമെന്ന പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ ഇതിനകം | (ഡി) | ഡാറ്റാ ബാങ്ക് തയ്യാറാക്കുന്നതിന് 17/12/2018-ലെ സ.ഉ.(കൈ) നമ്പർ 73/2018/തൊഴിൽ ഉത്തരവ് പ്രകാരം ഭരണാനുമതി നല്കുകയും ആയതിൻ |

| | |
|---|---|
| സ്വീകരിച്ച നടപടികൾ എന്തെല്ലാ മാണെന്ന് വ്യക്തമാക്കാമോ? | പ്രകാരം ഉദ്യോഗാർത്ഥികൾക്ക് ഡാറ്റ ബാങ്കിൽ ഓൺലൈനായി രജിസ്റ്റർ ചെയ്യുന്നതിനുള്ള സോഫ്റ്റ്‌വെയർ തയ്യാറാക്കുന്നതിന് എംപ്ലോയ്മെന്റ് വകുപ്പ് NIC-യുമായി ബന്ധപ്പെട്ട് നടപടികൾ സ്വീകരിച്ചു വരുന്നു . |

സെക്ഷൻ ഓഫീസർ